**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1108** | **29-06-2026-ൽ മറുപടിയ്ക്ക്**

**കഴക്കൂട്ടം മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** | **മറുപടി നൽകിയ മന്ത്രി**

ശ്രീ. വി. മുരളീധരൻ | ശ്രീ. എ. പി. അനിൽ കുമാർ (റവന്യൂ വകുപ്പ് മന്ത്രി)

**(എ)** കഴക്കൂട്ടം മണ്ഡലത്തിലെ ജനങ്ങളുടെ സൗകര്യാർത്ഥം വിവിധ സർക്കാർ വകുപ്പുകളുടെ സേവനങ്ങൾ ഒരിടത്ത് ലഭ്യമാകുന്ന തരത്തിൽ കഴക്കൂട്ടത്ത് ഒരു മിനി സിവിൽ സ്റ്റേഷൻ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദമാക്കുമോ;

**മറുപടി:** ഉണ്ട്. കഴക്കൂട്ടം മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം എന്ന പദ്ധതിയ്ക്കായി 38.50 കോടി രൂപയുടെ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.

**(ബി)** പ്രസ്തുത സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിനായി ഭൂമിയുടെ ലഭ്യത പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

**മറുപടി:** കഴക്കൂട്ടം മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിനായി തിരുവനന്തപുരം താലൂക്ക് കഴക്കൂട്ടം വില്ലേജ് ബ്ലോക്ക് 11 റീസർവ്വെ 39/4 (പഴയ സർവ്വെ 668, 670) ൽപ്പെട്ട ഭൂമി കണ്ടെത്തിയിരുന്നുവെങ്കിലും ടി ഭൂമിയുടെ അവകാശത്തർക്കവുമായി ബന്ധപ്പെട്ടു OS 44/2020 നമ്പറായി ബഹു.തിരുവനന്തപുരം സബ് കോടതി മുമ്പാകെ കേസ് ഫയൽ ചെയ്തിട്ടുള്ളതും ആയത് നിലവിലും ബഹു.കോടതിയുടെ പരിഗണനയിലുമാണ്.

**(സി)** കഴക്കൂട്ടത്ത് മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലെ സ്ഥിതി വിശദമാക്കുമോ?

**മറുപടി:** കഴക്കൂട്ടം മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിനായി തിരുവനന്തപുരം താലൂക്ക് കഴക്കൂട്ടം വില്ലേജ് ബ്ലോക്ക് 11 റീസർവ്വെ 39/4 (പഴയ സർവ്വെ 668, 670) ൽപ്പെട്ട ഭൂമി കണ്ടെത്തിയിരുന്നുവെങ്കിലും ടി ഭൂമിയുടെ അവകാശത്തർക്കവുമായി ബന്ധപ്പെട്ടു OS 44/2020 നമ്പറായി ബഹു.തിരുവനന്തപുരം സബ് കോടതി മുമ്പാകെ കേസ് ഫയൽ ചെയ്തിട്ടുള്ളതും ആയത് നിലവിലും ബഹു.കോടതിയുടെ പരിഗണനയിലുമാണ്.

**സെക്ഷൻ ഓഫീസർ**